''ഭരണഭാഷ മാതൃഭാഷ''

(പരീക്ഷാ അടിയന്തിരം)

നം. എഫ്1/45439/2013/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം,
തീയതി: 20/06/2013.

## സർക്കുലർ

വിഷയം:- 2013-14 അദ്ധ്യയന വർഷത്തെ എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷകൾക്കുള്ള ഉത്തരക്കടലാസുകൾ, സി.വി കവറുകൾ എന്നിവയുടെ എണ്ണം കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് -

സൂചന:-

2013-14 അദ്ധ്യയന വർഷത്തെ എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷകൾക്ക് മുൻവർഷത്തെപ്പോലെ പരീക്ഷാഭവനിൽ നിന്നും നൽകുന്ന ഉത്തരക്കടലാസുകളാണ് ഉപയോഗിക്കേണ്ടത്. ഓരോ പരീക്ഷാകേന്ദ്രത്തിലും ഇപ്പോൾ നിലവിലുള്ള സ്റ്റോക്ക് കണക്കാക്കിയതിനുശേഷം മാത്രമേ ഈ വർഷം ആവശ്യമുള്ള ഉത്തരക്കടലാസുകളുടെ വിവരം നൽകുവാൻ പാടുള്ളൂ. ഓരോ പരീക്ഷാ കേന്ദ്രത്തിലേയ്ക്കും ആവശ്യമുള്ള മെയിൻ, അഡീഷണൽ ആൻസർ ബുക്കുകളുടേയും സി.വി. കവറുകളുടേയും എണ്ണം സംബന്ധിച്ചുള്ള വിവരം ഈ വർഷം ഓൺലൈനായി നൽകേണ്ടതാണ്. ഇതിനായി വിവരങ്ങൾ പരീക്ഷാഭവൻ വെബ് സൈറ്റായ www.keralapareekshabhavan.in-ലാണ് നൽകേണ്ടത്. എസ്.എസ്.എൽ.സി. പരീക്ഷയുടെ വിവരങ്ങൾ നൽകുന്നതിനായി School Login-ൽ പ്രവേശിച്ച് User ID-യും Password-ഉം നൽകി വിവരങ്ങൾ നൽകേണ്ടതാണ്. ഹയർസെക്കണ്ടറി വിഭാഗത്തിലെ വിവരങ്ങൾ നൽകുന്നവർ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ മെയിൻ പേജിലുള്ള "Higher Secondary Examination Main Answer Sheet/CV Cover" എന്ന Link- ൽ ക്ലിക്ക് ചെയ്ത് School Code തന്നെ User ID ആയും Password ആയും കൊടുത്ത് പ്രവേശിച്ചതിനുശേഷം Password reset ചെയ്യുക. തുടർന്ന് ലഭിക്കുന്ന Window-യിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ ശേഷം Confirm Button ഉപയോഗിച്ച് Confirm ചെയ്യുക.

Confirm ചെയ്താൽ പിന്നെ Data-യിൽ മാറ്റം വരുത്തുവാൻ സാധിക്കുകയില്ല. ഈ ഫോർമാറ്റിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി 2013 ജൂലൈ മാസം 25-ാം തീയതിക്ക് മുമ്പായി ഓൺലൈനായിത്തന്നെ അയക്കേണ്ടതാണ്. പരീക്ഷാ പ്രാധാന്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ യാതൊരു തരത്തിലുള്ള വീഴ്ചയും ഉണ്ടാകാൻ പാടുള്ളതല്ല. നിശ്ചിത സമയത്തിനുള്ളിൽ വിവരം നൽകാത്ത സ്കൂളുകൾക്ക് പേപ്പർ ആവശ്യമില്ലെന്ന് കണക്കാക്കുന്നതാണ്.

മുൻവർഷം ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും കൃത്യസമയത്ത് വിവരം ലഭിക്കാതിരുന്നതിനാൽ പേപ്പർ വിതരണം യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ നൽകിയിരിക്കുന്ന സമയത്ത്തന്നെ വിവരങ്ങൾ ഓൺലൈൻ ആയി നൽകുവാൻ എല്ലാ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈ വർഷം പരീക്ഷ എഴുതുമെന്ന് പ്രതീക്ഷിക്കുന്ന വിദ്യാർത്ഥികളുടെ കൃത്യമായ എണ്ണം കണക്കാക്കിവേണം ഉത്തരക്കടലാസുകളുടേയും സി.വി കവറുകളുടേയും എണ്ണം രേഖപ്പെടുത്തേണ്ടത്.

(1) **<u>എസ്.എസ്.എൽ. സി പരീക്ഷക്ക് ആവശ്യമായ പേപ്പറുകൾ, സി.വി കവറുകൾ എന്നിവയുടെ എണ്ണം കണക്കാക്കേണ്ട രീതി</u>**

| | | |
|---|---|---|
| മെയിൻ ആൻസർ ബുക്ക് | = | ആകെ കുട്ടികളുടെ എണ്ണം X 10 |
| അഡീഷണൽ ആൻസർ ഷീറ്റ് | = | ആകെ കുട്ടികളുടെ എണ്ണം X 10 x 7 |
| സി.വി കവർ | = | $\frac{\text{ആകെ കുട്ടികളുടെ എണ്ണം}}{12}$ X 10 |

(2) **<u>ഹയർ സെക്കണ്ടറി ഒന്നും രണ്ടും വർഷ പരീക്ഷക്ക് ആവശ്യമായ പേപ്പറുകൾ, സി.വി കവറുകൾ എന്നിവയുടെ എണ്ണം കണക്കാക്കേണ്ട രീതി</u>**

| | | |
|---|---|---|
| മെയിൻ ആൻസർ ബുക്ക് | = | ആകെ കുട്ടികളുടെ എണ്ണം X 13 |
| അഡീഷണൽ ആൻസർ ഷീറ്റ് | = | ആകെ കുട്ടികളുടെ എണ്ണം X 13 x 7 |
| സി.വി കവർ | = | $\frac{\text{ആകെ കുട്ടികളുടെ എണ്ണം}}{12}$ X 10 |

സ്കൂളുകൾക്ക് ലഭിക്കുന്ന ഉത്തരക്കടലാസുകളും സിവി കവറുകളും അലമാരകളിൽ സൂക്ഷിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറെകൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഉത്തരക്കടലാസുകളും സിവി കവറുകളും മറ്റ് ആവശ്യങ്ങൾക്കായി യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ല. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉടൻ തന്നെ നടപടി സ്വീകരിക്കുന്നതിന് പരീക്ഷാ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

നിലവിൽ ഉപയോഗശൂന്യമായ ആൻസർ പേപ്പറുകൾ ഏതെങ്കിലും സ്കൂളുകളിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ടി വിവരം തപാൽ മാർഗ്ഗം പരീക്ഷാഭവനിൽ അറിയിക്കേണ്ടതാണ്.

21/6/17

സെക്രട്ടറി

പകർപ്പ് :

1) എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും
2) എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ പ്രഥമാദ്ധ്യാപകർക്കും.
3) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4) സൂക്ഷിപ്പ് ഫയൽ.

സംശയങ്ങൾക്ക് : 0471 2546832